പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 3

# 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2011

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 3

# 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ

513/2011.

# 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ബിൽ

2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റ് ഇതിനു ശേഷം കാണുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഇൻഡ്യൻ റിപ്പബ്ലിക്കിന്റെ അറുപത്തിരണ്ടാം സംവത്സരത്തിൽ താഴെപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു :—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 സെപ്റ്റംബർ 13-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 6-ാം വകുപ്പിനുള്ള ഭേദഗതി.—2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിലെ (2005-ലെ 20) (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക) 6-ാം വകുപ്പ് (1)-ാം ഉപവകുപ്പിൽ,—

(i) (എ) ഖണ്ഡത്തിൽ, "പതിനേഴ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "അൻപതു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ് ;

(ii) (ബി) ഖണ്ഡത്തിൽ, "ഏഴ് ലക്ഷം രൂപ" എന്ന വാക്കുകൾക്കുപകരം "ഇരുപത്തിയഞ്ചു ലക്ഷം രൂപ" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

3. 10-ാം വകുപ്പിനുള്ള ഭേദഗതി.—പ്രധാന ആക്റ്റിലെ 10-ാം വകുപ്പ് (4)-ാം ഉപവകുപ്പിനുശേഷം താഴെപ്പറയുന്ന ഉപവകുപ്പ് ചേർക്കേണ്ടതാണ്, അതായത് :—

"(5) (1) മുതൽ (3) വരെ ഉപവകുപ്പുകളിൽ എന്തുതന്നെ അടങ്ങിയിരുന്നാലും അന്യസംസ്ഥാനത്തിനോ കേന്ദ്രഭരണപ്രദേശത്തിനോ ഭാരത സർക്കാരുമായി ഉഭയകക്ഷി കരാറിലോ ഉടമ്പടിയിലോ ഏർപ്പെട്ടിട്ടുള്ള ഏതെങ്കിലും രാജ്യത്തിനോവേണ്ടി

സംഘടിപ്പിക്കുകയോ നടത്തുകയോ പ്രോത്സാഹിപ്പിക്കുകയോ ചെയ്യുന്ന ഒരു ലോട്ടറിയുടെ സംഗതിയിൽ, 1998-ലെ ലോട്ടറീസ് റഗുലേഷൻ ആക്റ്റിലെയോ (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിലുണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയോ വ്യവസ്ഥകൾ പാലിച്ചിട്ടുണ്ടെന്നുള്ള അതാത് സംസ്ഥാന സർക്കാർ അഥവാ കേന്ദ്രഭരണപ്രദേശം അഥവാ രാജ്യം നൽകുന്ന ഒരു സർട്ടിഫിക്കറ്റും അതാത് സർക്കാരുകൾ നൽകുന്ന താഴെപ്പറയുന്ന വിശദാംശങ്ങളും സഹിതം സമർപ്പിക്കുന്ന അപേക്ഷകൾ പരിശോധിച്ച് ബോദ്ധ്യപ്പെട്ടാൽ മാത്രമേ അപേക്ഷ സമർപ്പിക്കുന്ന പ്രൊമോട്ടർമാരിൽനിന്നോ അവർക്കുവേണ്ടിയോ മുൻകൂർ നികുതി സ്വീകരിക്കുവാൻ പാടുള്ളൂ :—

(i) ഭാഗ്യക്കുറിയുടെ പേര് ;

(ii) ഭാഗ്യക്കുറി ടിക്കറ്റിന്റെ വില ;

(iii) എത്ര ടിക്കറ്റുകളാണ് പ്രിന്റ് ചെയ്യപ്പെട്ടത് ;

(iv) പ്രിന്റ് ചെയ്യുന്ന പ്രസ്സിന്റെ വിശദാംശങ്ങൾ ;

(v) പ്രിന്റ് ചെയ്യുന്ന ടിക്കറ്റുകളുടെ മൊത്തം മൂല്യം ;

(vi) സംസ്ഥാന സർക്കാരിന്റെ വിൽപ്പന ഏജന്റുമാർ, വിതരണക്കാർ, പ്രൊമോട്ടർമാർ എന്നിവരുടെ വിലാസം ;

(vii) സമ്മാന ഘടന ;

(viii) സമ്മാനത്തുകയായി പ്രഖ്യാപിക്കുന്ന തുക ;

(ix) നറുക്കെടുപ്പുകളുടെ ഇടവേള ;

(x) നറുക്കെടുപ്പ് നടത്തുന്ന സ്ഥലം ;

(xi) നറുക്കെടുപ്പിനായി അവലംബിക്കുന്ന രീതി.".

4. റദ്ദാക്കലും ഒഴിവാക്കലും.—(1) 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 29) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽത്തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്ത ഏതെങ്കിലും കാര്യമോ എടുത്ത ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിൻ (2005-ലെ 20) കീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പ്രൊമോട്ടർ നിലവിൽ സാധാരണ നറുക്കെടുപ്പിന് ഏഴ് ലക്ഷം രൂപയും ബമ്പർ നറുക്കെടുപ്പിന് പതിനേഴ് ലക്ഷം രൂപയും നികുതി ഒടുക്കേണ്ടതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക വരുമാനം മെച്ചപ്പെടുത്തുന്നതിന്റെ

ഭാഗമായി നിലവിലുള്ള നികുതി നിരക്ക് സാധാരണ നറുക്കെടുപ്പിന് ഇരുപത്തിയഞ്ച് ലക്ഷം രൂപയായും ബമ്പർ നറുക്കെടുപ്പിന് അമ്പത് ലക്ഷം രൂപയായും ഉയർത്തുവാൻ സർക്കാർ നിശ്ചയിച്ചിരിക്കുന്നു.

2. പ്രസ്തുത ആക്റ്റിന്റെ 10-ാം വകുപ്പുപ്രകാരം, 7-ാം വകുപ്പിൻകീഴിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ പ്രൊമോട്ടറും ഓരോ മാസത്തിന്റെയും ഒന്നാം തീയതി, അസിസ്റ്റന്റ് കമ്മീഷണർക്ക്, അടുത്തുവരുന്ന മാസം മുതൽ ആരംഭിക്കുന്ന മാസത്തിൽ നടത്തേണ്ട നറുക്കെടുപ്പിനെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ അടങ്ങിയിട്ടുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതും, ആക്റ്റ് പ്രകാരം അയാൾ നൽകേണ്ടതായ മുഴുവൻ നികുതിത്തുകയും മുൻകൂറായി നൽകേണ്ടതുമാണ്. അപ്രകാരം മുൻകൂർ നികുതി സ്വീകരിക്കുന്നതിനായി ഏത് ലോട്ടറിയുമായി ബന്ധപ്പെട്ടാണോ നികുതി അടയ്ക്കേണ്ടത് ആ ലോട്ടറി സംഘടിപ്പിക്കുന്ന ബന്ധപ്പെട്ട സംസ്ഥാന സർക്കാർ അല്ലെങ്കിൽ കേന്ദ്രഭരണപ്രദേശം അല്ലെങ്കിൽ രാജ്യം 1998-ലെ ലോട്ടറീസ് (റെഗുലേഷൻ) ആക്റ്റിലെയും (1998-ലെ 17-ാം കേന്ദ്ര ആക്റ്റ്) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലെയും വ്യവസ്ഥകൾ പാലിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുന്ന സാക്ഷ്യപത്രവും ലോട്ടറി സംബന്ധിച്ച മറ്റു ചില വിശദാംശങ്ങളുംകൂടി സമർപ്പിക്കേണ്ടതാണെന്ന വ്യവസ്ഥ പ്രസ്തുത സംസ്ഥാന ആക്റ്റിൽ ഉൾപ്പെടുത്തേണ്ടതാണെന്ന് സർക്കാർ കരുതുന്നു.

3. കേരള നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും, മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടൻ പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും 2010-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2010-ലെ 53), 2010 സെപ്റ്റംബർ 12-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 സെപ്റ്റംബർ 13-ാം തീയതിയിലെ 2076-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

4. 2010-ലെ 53-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 393-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2010 ഡിസംബർ 21-ാം തീയതി ആരംഭിച്ച് 2011 ജനുവരി 3-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 4) 2011 ജനുവരി 22-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 ജനുവരി 23-ാം തീയതിയിലെ 150-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. 2011-ലെ 4-ാം നമ്പർ ഓർഡിനൻസിനുപകരം കേരള സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുവേണ്ടിയുള്ള ഒരു ബിൽ പന്ത്രണ്ടാം കേരള നിയമസഭയുടെ 406-ാം നമ്പർ ബില്ലായി പ്രസിദ്ധീകരിച്ചുവെങ്കിലും ആയത് 2011 ഫെബ്രുവരി

4-ാം തീയതി ആരംഭിച്ച് 2011 ഫെബ്രുവരി 24-ാം തീയതി അവസാനിച്ച കേരള സംസ്ഥാന നിയമസഭയുടെ സമ്മേളനത്തിൽ അവതരിപ്പിക്കുന്നതിനും പാസ്സാക്കുന്നതിനും കഴിഞ്ഞില്ല. പ്രസ്തുത ഓർഡിനൻസിലെ വ്യവസ്ഥകൾ നിലനിർത്തുന്നതിനുവേണ്ടി 2011-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി (ഭേദഗതി) ഓർഡിനൻസ് (2011-ലെ 29) 2011 മാർച്ച് 17-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2011 മാർച്ച് 18-ാം തീയതിയിലെ 653-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

6. 2011-ലെ 29-ാം നമ്പർ ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികചെലവും ഉണ്ടാകുന്നതല്ല.

കെ. എം. മാണി

## 2005-ലെ പേപ്പർ ലോട്ടറികളിന്മേലുള്ള കേരള നികുതി ആക്റ്റിൽ (2005-ലെ 20) നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

** ** ** **

6. നികുതി ചുമത്തൽ.—(1) താഴെപ്പറയുന്ന നിരക്കുകളിൽ പേപ്പർ ലോട്ടറികൾക്ക് നികുതി ചുമത്തേണ്ടതും ഈടാക്കേണ്ടതുമാണ്, അതായത്.—

(എ) ഓരോ ബമ്പർ നറുക്കെടുപ്പിനും പതിനേഴ് ലക്ഷം രൂപ ;

(ബി) മറ്റേതൊരു നറുക്കെടുപ്പിനും ഏഴ് ലക്ഷം രൂപ വീതം ;

** ** ** **

10. മുൻകൂറായി പണം നൽകൽ.—(1) നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള ചട്ടങ്ങൾക്ക് വിധേയമായി, ഓരോ പ്രൊമോട്ടറും ഓരോ മാസത്തിന്റേയും ഒന്നാം തീയതി, ഒന്നാം തീയതി അവധി ദിവസമാണെങ്കിൽ, തൊട്ടടുത്തുള്ള പ്രവൃത്തി ദിവസം അസിസ്റ്റന്റ് കമ്മീഷണർക്ക്, അടുത്തുവരുന്ന മാസം മുതൽ ആരംഭിക്കുന്ന മാസത്തിൽ നടത്തേണ്ട നറുക്കെടുപ്പിനെ സംബന്ധിച്ച് നിർണ്ണയിക്കപ്പെടുന്ന പ്രകാരമുള്ള വിവരങ്ങൾ അടങ്ങിയിട്ടുള്ള സ്റ്റേറ്റ്മെന്റ് സമർപ്പിക്കേണ്ടതും, സ്റ്റേറ്റ്മെന്റിൽ കാണിച്ചിട്ടുള്ള നറുക്കെടുപ്പിനെ സംബന്ധിച്ച് ഈ ആക്റ്റ്പ്രകാരം അയാൾ നൽകേണ്ടതായ മുഴുവൻ നികുതി തുകയും മുൻകൂറായി നൽകേണ്ടതും, 12-ാം വകുപ്പിന്റെ ആവശ്യത്തിലേക്കായി, അങ്ങനെ നൽകേണ്ട തുക ഈ ആക്റ്റ്പ്രകാരം അങ്ങനെയുള്ള പ്രൊമോട്ടറിൽ നിന്നും കിട്ടേണ്ട തുകയായി കരുതപ്പെടുന്നതുമാണ്.

(2) ഏതെങ്കിലും മാസത്തിൽ നികുതി നൽകുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ടെങ്കിലോ (1)-ാം ഉപവകുപ്പുപ്രകാരമുള്ള ഒരു സ്റ്റേറ്റ്മെന്റ് നൽകിയാലും ഇല്ലെങ്കിലും ഏതെങ്കിലും മാസത്തിൽ നൽകിയ നികുതിത്തുക നൽകേണ്ടതായ നികുതിത്തുകയേക്കാൾ കുറവാണ് എങ്കിലോ, നികുതി നൽകുന്നതിന് വീഴ്ച വരുത്തുകയോ, നികുതി കുറച്ചു നൽകുകയോ ചെയ്യുന്ന പ്രൊമോട്ടർ, നികുതിക്ക് പുറമേ, അങ്ങനെ വീഴ്ച വരുത്തിയതോ കുറച്ചു നൽകിയതോ ആയ തീയതി മുതൽ അങ്ങനെയുള്ള നികുതി നൽകുന്ന തീയതിവരെ പ്രതിമാസം രണ്ട് ശതമാനം നിരക്കിൽ കണക്കാക്കി പലിശ നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പുപ്രകാരമുള്ള സ്റ്റേറ്റ്മെന്റ് നിർണ്ണയിക്കപ്പെട്ട തീയതിക്കു മുമ്പായി പ്രൊമോട്ടർ സമർപ്പിക്കാതിരിക്കുകയോ അല്ലെങ്കിൽ അയാൾ സമർപ്പിച്ചിട്ടുള്ള സ്റ്റേറ്റ്മെന്റ് അസത്യമാണെന്നോ അഥവാ അപൂർണ്ണമാണെന്നോ അസിസ്റ്റന്റ് കമ്മീഷണർക്ക് തോന്നുന്നപക്ഷം, അസിസ്റ്റന്റ് കമ്മീഷണർക്ക് തനിക്ക് ഏറ്റവും യുക്തിസഹമായ രീതിയിൽ, അങ്ങനെയുള്ള നികുതി നിർണ്ണയത്തിനുള്ള കാരണങ്ങൾ രേഖപ്പെടുത്തിക്കൊണ്ട് പ്രൊമോട്ടറുടെ ആ മാസത്തേക്കുള്ള നികുതി നിർണ്ണയം താൽക്കാലികമായി നടത്താവുന്നതും, അങ്ങനെയുള്ള നികുതി നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ഉടൻതന്നെ നികുതി ആവശ്യപ്പെടുന്നതിനും ഈടാക്കുന്നതിനും നടപടി

എടുക്കാവുന്നതുമാണ്. മേൽപ്പറഞ്ഞ നികുതി ഉടൻതന്നെ 7-ാം വകുപ്പ് (1)-ാം ഉപവകുപ്പുപ്രകാരം നൽകിയിട്ടുള്ള സെക്യൂരിറ്റി തുകയിൽ ക്രമീകരിക്കേണ്ടതുമാണ്.

(4) (2)-ഉം (3)-ഉം ഉപവകുപ്പുകളിൽ വ്യവസ്ഥ ചെയ്തിട്ടുള്ള നടപടികൾക്ക് ഭംഗം വരാതെ അസിസ്റ്റന്റ് കമ്മീഷണർക്ക് ഈ ആക്റ്റിൻകീഴിൽ നൽകിയിട്ടുള്ള രജിസ്ട്രേഷൻ റദ്ദാക്കാവുന്നതും അപ്രകാരം രജിസ്ട്രേഷൻ റദ്ദാക്കിയാൽ സംസ്ഥാനത്തിനകത്ത് ലോട്ടറി ടിക്കറ്റുകൾ വിൽക്കുന്നതിന് പ്രൊമോട്ടർക്ക് അവകാശമുണ്ടായിരിക്കുന്നതുമല്ല.

എന്നാൽ, (3)-ഉം (4)-ഉം ഉപവകുപ്പുകൾ പ്രകാരം നടപടിയെടുക്കുന്നതിന് മുമ്പായി പ്രൊമോട്ടർക്ക് പറയാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകേണ്ടതാണ്.

എന്നുമാത്രമല്ല, പ്രൊമോട്ടർ മുടക്കം വരുത്തിയ നികുതി, പലിശസഹിതം അടയ്ക്കുന്നപക്ഷം, പ്രൊമോട്ടറിനേയോ അങ്ങനെയുള്ള ആളിനേയോ, അപേക്ഷയിന്മേൽ, നിർദ്ദിഷ്ട നിരക്കിലുള്ള രജിസ്ട്രേഷൻ പുതുക്കൽ ഫീസും സെക്യൂരിറ്റിയും നൽകി രജിസ്റ്റർ ചെയ്യാവുന്നതാണ്.

** ** ** **